## മിസ്റ്റർ കൊറോണ

ഒരു ദിവസം സെൻറ് ജോസഫ് . എൽ . പി സ്കൂളിലെ കുട്ടികൾ കളിക്കുകയായിരുന്നു . അപ്പൊൾ അതു വഴി ഒരു കൊറോണ വൈറസ് വന്നു . ഹും...... ഇവരുടെ കൈയിൽ കയറാം. ആഹാരം കഴിക്കുമ്പോൾ ഉള്ളിലെത്തി അസുഖം വരുത്താം . അപ്പൊൾ സുമ ടീച്ചർ കുട്ടികളോട് പറഞ്ഞു ; സോപ്പും വെള്ളവും ഉപയോഗിച്ച് നന്നായി കൈ കഴുകിയിട്ട് വരു നമുക്ക് ആഹാരം കഴിക്കാം . കുട്ടികൾ എല്ലാം വരിയായി നിന്ന് സോപ്പും വെള്ളവും ഉപയോഗിച്ച് നന്നായി ഉരച്ചു കഴുകി ഇതുകണ്ട കൊറോണ നാണിച്ചു സ്ഥലം വിട്ടു.

## മായുന്ന അവധിക്കാലം

പണ്ടൊക്കെ എന്തൊരു പ്രിയ മീ അവധികൾ ആനന്ദിച്ചും ഉല്ലസിച്ചും കഴിഞ്ഞിട്ടും ഈ ദിനങ്ങൾ എന്തെന്നറിയില്ല ഈ അവധികൾ മനസ്സിനെ കുത്തുന്ന മുള്ളുകൾ ആയി തോന്നിയിരുന്നു. എങ്ങനെ നാം രസിക്കും ഈ അവധിക്കാലത്ത് കൊറോണ എന്ന വിഷവസ്തു നമ്മുടെ നാടിനെ വിഴുങ്ങി . എത്രയെത്ര ആളുകളുടെ ജീവൻ നഷ്ടപ്പെട്ടു എത്ര ആളുകളുടെ ജീവൻ ഭീഷണിയിൽ ആയിരിക്കുന്നു . വ്യക്തി ശുചിത്വം പാലിക്കുക എന്നൊരു വഴി മാത്രമേ ഉള്ളൂ എന്നു നാം അറിയണം. പുറത്തു പോയിട്ട് നാം വീട്ടിൽ വരുമ്പോൾ എപ്പോഴും കൈകൾ ശുചിയായി വച്ചീടേണം . എങ്കിൽ തുരത്തീടാം കൊറോണ എന്നാ നരഭോജിയെ.

## കൊവിഡ് - 19

കൊറോണ അഥവാ കൊവിഡ് - 19 നമ്മളെ; ജനങ്ങളെ പഠിപ്പിക്കുന്ന ഒരു പാഠം ഉണ്ട് .അത് എന്താണെന്ന് നിങ്ങൾക്ക് അറിയാമോ ? വൃക്തി ശുചിത്വം . നമ്മൾക്ക് വൃത്തിയില്ല എന്നല്ല നമ്മൾ ഇപ്പോൾ കൊവിഡ് വൈറസിനെ ഭയപ്പെട്ട് ഇടയ്ക്കിടെ കൈ കഴുകുന്നില്ലേ ? നമ്മൾ ഈ ശീലം തുടർന്നുകൊണ്ടേ ഇരിക്കണം . കൂടാതെ വീട്ടിലേക്ക് അച്ഛൻ അങ്കിൾ തുടങ്ങി എല്ലാവരും വരുമ്പോൾ നമ്മൾ അവരെ ഓടിപ്പോയി കെട്ടിപ്പിടിക്കുകയും മറ്റും ചെയ്യാറില്ലേ? അതെല്ലാം നമ്മൾ എന്നെന്നേക്കുമായി നിർത്തുക. അവരോട് പറയുക നിങ്ങൾ യാത്രകഴിഞ്ഞ് വന്നതാണ്. വൃത്തിയാക്കാതെ ഞങ്ങളെ തൊടരുത്. നമ്മൾ മുതിർന്നാലും ഇത് തുടരുക. ഇപ്പോൾ നമ്മൾ എടുക്കുന്ന കരുതൽ ഭാവിയിലും ഉണ്ടാവണം. എന്നാൽ ഇതുപോലെ ഒരു മഹാമാരി ഇനി ലോകത്ത് ഉണ്ടാവില്ല.

പോകല്ലെ പോകല്ലെ
പുറത്തിറങ്ങി പോകല്ലെ
പുറത്തിറങ്ങി പോയാലോ
കൊറോണയാണേ പൊകല്ലേ
വീട്ടിലിരുന്നു കളിക്കാല്ലോ
പാട്ടുകൾ പാടി നടക്കാലോ
കഥകൾ കേട്ടു പഠിക്കാലോ
തുള്ളിച്ചാടി നടക്കാലോ
അച്ഛനും അമ്മയും ചേട്ടനു-
മെല്ലാം വീട്ടിലുണ്ടേ രസമാണേ
കൈക്കഴുകേണം നന്നായി
സൂക്ഷിക്കേണം നന്നായി
സൂക്ഷിച്ചാലോ നമ്മൾക്ക്
ഒ◌ാടിക്കാല്ലോ കൊറോണയെ
കൊറോണ പോകും നേരത്ത്
സ്കൂളിൽ പോകാം നമ്മൾക്ക്

STAY HOME
STAY SAFE